# ഖുർആനും ഹദീസും– പരസ്പര വിരുദ്ധമായ രണ്ട് ഗ്രന്ഥങ്ങൾ.!
## രുണ്ട് ചിന്താ സരണികൾ!!

വിദ്യാഭ്യാസത്തിലൂടെ വൈജ്ഞാനിക വിപ്ലവത്തിന് തുടക്കം കുറിക്കുക, ഒരു ദൈവം ഒരു ജനത എന്ന ആശയത്തിലൂടെ (ഏകദൈവം- തൗഹീദ്) ജാതി-മത-ഭാഷ-ദേശ ചിന്തകൾക്കപ്പുറം മനുഷ്യരെ ഒന്നായി കാണുക, സ്വന്തം ശരീരവും ആത്മാവും ഉൾക്കൊള്ളുന്ന ഈ ലോകത്തിന്റെ ഐശ്വര്യത്തിനുവേി സർവ്വാത്മനാ പ്രയത്നിക്കുക ( ലോകാ സമസ്താഃ സുഖിനോ ഭവന്തു), ജാതിമത ചിന്തകൾക്കപ്പുറം നീതിയിലും നന്മയിലും അധിഷ്ഠിതമായി വ്യക്തിപരവും-സാമൂഹികവുമായ ജീവിതം കെട്ടിപ്പടുക്കുക, ഒരു വിശ്വാസിയായ മനുഷ്യനെന്ന നിലക്ക് പ്രാർത്ഥനയോടെ ഓരോരുത്തരും (പിതാവ്, പുത്രൻ, അമ്മ, മകൾ, വിദ്യാർത്ഥി, അധ്യാപകൻ, മുതലാളി, തൊഴിലാളി, എന്നിങ്ങനെ ഓരോരുത്തരും) അവരവരുടെ ചുമതലകൾ നിർവ്വഹിക്കുക, കരാറുകൾ പാലിക്കുക ഇതൊക്കെയാണ് ഖുർആൻ ഉയർത്തിപ്പിടിക്കുന്ന മഹത്തായ മൂല്യങ്ങൾ. ഗോത്ര മഹിമയുടെയും പാരമ്പര്യത്തിന്റെയും പേരിൽ പരസ്പരം ശത്രുക്കളായി തമ്മിലടിച്ചിരുന്ന (ഗോത്രദൈവങ്ങളെ മുൻനിർത്തി പരസ്പരം യുദ്ധം ചെയ്തിരുന്ന), അങ്ങനെ ഖുർആന്റെ ഭാഷയിൽ പറഞ്ഞാൽ അഗ്നികുണ്ഢത്തിന്റെ വക്കിലായിരുന്ന ആ അറേബ്യൻ ഗോത്രങ്ങളെ മതവും ജാതിയും വർഗ്ഗവിദ്വേഷവുമില്ലാത്ത ഖുർആൻ എന്ന പൊൻചരടുകൊ് ആ ദൈവദൂതൻ ഒന്നിപ്പിച്ചു - ഏകീകരിച്ചു. അതായിരുന്നു നബിയുടെ മഹത്തായ വിജയവും തൗഹീദും (ഏകീകരണവും). അങ്ങിനെ വിവരംകെട്ടവർ (ഉമ്മിയ്യുകൾ) എന്നും ഒന്നിനും കൊള്ളാത്തവരെന്നും മക്കയിലെ ഖുറൈശികളും, റോമൻ പേർഷ്യാ സാമ്രാജ്യങ്ങളിലെ ചില ജൂതരും ചില കൃസ്ത്യാനികളും കളിയാക്കിയിരുന്ന അറബികൾക്ക് സ്വന്തമായി ഒരു രാഷ്ട്രം ആ ദൈവദൂതൻ ഉാക്കിക്കൊടുത്തു. അതുവഴി അറബികൾക്ക് സ്വന്തമായി ഒരു ഭരണഘടനയും, സിവിൽ ക്രിമിനൽ നിയമങ്ങളും, പൊതുഖജനാവും (ജൗയഹശര എശിമിരല ) ആ ദൈവദൂതൻ ഉാക്കി. അങ്ങിനെ വിവരംകെട്ടവർ എന്ന് ലോകം കളിയാക്കിയിരുന്ന അറബികൾക്കും മഹത്തായ ഒരു രാഷ്ട്രമാവാം എന്ന് ആ ദൈവദൂതൻ പ്രവർത്തി പഥത്തിലൂടെ കാണിച്ചു കൊടുത്തു. മാത്രമല്ല അറേബ്യയിൽ മദീന ആസ്ഥാനമാക്കി ദൈവദൂതൻ പടുത്തുയർത്തിയ ആ മാതൃകാ രാഷ്ടം അവരെ ആക്രമിച്ച തൊട്ടടുത്തുള്ള ലോകമഹാശക്തികളായിരുന്ന റോമ, പേർഷ്യൻ സാമ്രാജ്യങ്ങളെകൂടി കീഴടക്കി. അങ്ങിനെ നബിയുടെ മരണം കഴിഞ്ഞ് സുമാർ 20 വർഷം കഴിഞ്ഞപ്പോൾ, ഖലീഫാ ഉമറിന്റെ കാലത്ത് റോമാ - പേർഷ്യൻ (ഇറാഖ്, സിറിയ, ഈജിപ്ത്) സാമ്രാജ്യങ്ങൾകൂടി കീഴടക്കിയപ്പോൾ ഇസ്ലാമൊരു ലോക വൻശക്തിയായി മാറി.